# പത്താമത് ലോക ഹിന്ദി സമ്മേളനം

മെയ് 16, 2015

പതാമത് ലോക ഹിന്ദി സമ്മേളനം (WHC) , സെപ്തംബർ 10 മുതല് 12 വരെ ഭോപ്പാല് നഗരത്തില് ഗവണ്മെന്റ് ഓഫ് ഇന്ത്യ, കേന്ദ്ര വിദേശകാര്യമന്ത്രാലയം മധ്യപ്രദേശ് ഗവണ്മെന്റിന്റെ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുന്നു. സെപ്തംബർ 2012 ല് ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗില് നടന്ന ഒന്പതാമത് ലോക ഹിന്ദി സമ്മേളനത്തില് ആണ് സമ്മേളനത്തിന്റെ പത്താം യോഗം  സംഘടിപ്പിക്കാന് തീരുമാനിച്ചത് .

ഒന്നാമത് ലോക ഹിന്ദി സമ്മേളനം ഇന്ത്യയിലെ  നാഗ്പൂരില് 1975 ല് ആണ് നടന്നത് , അന്ന് മുതല് ആഗോളതലത്തില് അതേ പോലെ ഒന്പത് സമ്മേളനങ്ങള് സംഘടിപ്പിച്ചു കഴിഞ്ഞു .
നേരത്തെ നടന്ന ഒന്പത് സമ്മേളനങ്ങളുടെ വിവരങ്ങള് താഴെ :
1.ഒന്നാമത് ലോക ഹിന്ദി സമ്മേളനം , നാഗ്പൂര്, ഇന്ത്യ   10-12, ജനുവരി , 1975

2. രണ്ടാമത് ലോക ഹിന്ദി സമ്മേളനം , പോര്ട്ട് ലൂയിസ്, മൌറീഷ്യസ് , 28-30 ആഗസ്ത്, 1976

3. മൂന്നാമത് ലോക ഹിന്ദി സമ്മേളനം ന്യൂഡെല്ഹി, ഇന്ത്യ , 28-30 ഒക്ടോബര്, 1983

4.നാലാമത് ലോക ഹിന്ദി സമ്മേളനം . പോര്ട്ട് ലൂയിസ് , മൌറീഷ്യസ്, 02-04 ഡിസംബര് , 1993

5. അഞ്ചാമത് ലോക ഹിന്ദി സമ്മേളനം , പോര്ട്ട് ഓഫ് സ്പെയിന് , ട്രിനിഡാഡ്, ടുബാഗോ ,
04-08 ഏപ്രില്, 1996

6. ആറാമത് ലോക ഹിന്ദി സമ്മേളനം , ലണ്ടന് , യു.കെ , 14-18 സെപ്തംബര് ,1999

7. ഏഴാമത് ലോക ഹിന്ദി സമ്മേളനം , പരാമറിബോ, സൂരിനാം , 06-09 ജൂണ് , 2003

8. എട്ടാമത് ലോക ഹിന്ദി സമ്മേളനം , ന്യൂയോര്ക്ക് , അമേരിക്ക, 13-15 ജൂലൈ, 2007

9.ഒന്പതാമത് ലോക ഹിന്ദി സമ്മേളനം , ജോഹന്നാസ്ബര്ഗ് , ദക്ഷിണാഫ്രിക്ക , 22-24 സെപ്തംബര്, 2012
പത്താമത് ലോക ഹിന്ദി സമ്മേളനത്തിന്റെ നോഡല് മന്ത്രാലയം വിദേശകാര്യ മന്ത്രാലയം ആണ്. പങ്കാളിത്ത സംസ്ഥാനം മധ്യപ്രദേശും

സമ്മേളനവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളുടെ പ്രവര്ത്തനത്തിന് ഉപദേശക, മാനേജ്മെന്റ് , പരിപാടി തുടങ്ങിയ മൂന്നു പ്രധാന സമിതികള് രൂപീകരിച്ചു .
ആദരണീയയായ കേന്ദ്ര വിദേശകാര്യ മന്ത്രി, ശ്രീമതി സുഷമ സ്വരാജ് ഉപദേശക -പരിപാടി സമിതികളുടെ അധ്യക്ഷയാണ്.
ആദരണീയനായ കേന്ദ്ര വിദേശകാര്യ സഹമന്ത്രി ജന. (റിട്ട) ഡോ. വി.കെ സിംഗ് മാനേജ്മെന്റ് സമിതിയുടെ അദ്ധ്യക്ഷനാണ്.

ഭോപ്പാലില് മധ്യപ്രദേശ് സംസ്ഥാന ഗവണ്മെന്റ് ആണ് സമ്മേളനത്തിന്റെ പ്രാദേശിക സംഘാടകര്. ആദരണീയനായ മധ്യപ്രദേശ് മുഖ്യമന്ത്രി ശ്രീ ശിവരാജ് സിംഗ് ചൌഹാന് ആണ് മുഖ്യ രക്ഷാധികാരി . സമ്മേളനത്തിന്റെ പങ്കാളി സംഘടന ഭോപ്പാലിലെ മാഖന്ലാല് ചതുര്വേദി രാഷ്ട്രീയ പത്രകാരിത ആവം സഞ്ചാര് വിശ്വവിദ്യാലയ ആണ് .
സമ്മേളനത്തിന്റെ പ്രധാന വിഷയം " ഹിന്ദി ജഗത്: വിസ്താര് ആവം സംഭാവനൈ"

സമ്മേളനത്തിന്റെ വേദി ഭോപ്പാലിലെ "ലാല് പരേഡ് ഗ്രൌണ്ട്"

സമ്മേളന വേദിയില് പ്രത്യേക പ്രദര്ശനം ഉണ്ടായിരിക്കും. പ്രദര്ശന വേദിയില്  പുസ്തക പ്രകാശനത്തിനു പ്രത്യേകം ഭാഗം രൂപ കല്പ്പന ചെയ്തിരിക്കും.  അവിടെ ഹിന്ദി പുസ്തകങ്ങള്, മാസികകള് എന്നിവയുടെ പ്രകാശനം നടക്കും

സമ്മേളനത്തോട് അനുബന്ധിച്ച് വൈകുന്നേരം സാംസ്ക്കാരിക പരിപാടികള് ഇന്ത്യാ ഗവണ്മെന്റ് സാംസ്ക്കാരിക മന്ത്രാലയവും  മധ്യപ്രദേശ് സാംസ്ക്കാരിക വകുപ്പും ചേര്ന്നാണ് സംഘടിപ്പിക്കുന്നത്. ന്യൂഡെല്ഹിയിലെ ഇന്ത്യന് കൌണ്സില് ഓഫ് കള്ച്ചറല് റിലേഷന്സ് ഒരു കവി സമ്മേളനം സംഘടിപ്പിക്കുന്നുണ്ട് .  സാംസ്ക്കാരിക പരിപാടികളും കവി സമ്മേളനവും ഇന്ത്യന് കൌണ്സില് ഓഫ് കള്ച്ചറല് റിലേഷന്സ് ആണ് ഏകോപിപ്പിക്കുന്നത്
പഠന ചര്ച്ചകളുടേ യോഗത്തില് എല്ലാ ദിവസവും ഒരു വാര്ത്തകുറിപ്പു (സമ്മേളന് സമാചാര്) , ഒരു സമ്മേളന് സ്മരിക, സമ്മേളന റിപ്പോര്ട്ട് എന്നിവ ഉണ്ടാകും. അവരുടെ നിര്ദേശങ്ങളും പ്രസിദ്ധീകരിക്കും.  ദിവസവുമുള്ള സമ്മേളന് സമാചാര് പ്രസിദ്ധീകരിക്കുക ഭോപ്പാലിലെ  മാഖന്ലാല് ചതുര്വേദി രാഷ്ട്രീയ പത്രകാരിത ആവം സഞ്ചാര് വിശ്വവിദ്യാലയ  ആണ് .  സമ്മേളന റിപ്പോര്ട്ട് പ്രസിദ്ധീകരിക്കുക വാര്ധയിലെ മഹാത്മാഗാന്ധി അന്താരാഷ്ട്രീയ ഹിന്ദി വിശ്വവിദ്യാലയം ആണ്.  ഇന്ത്യന് കൌണ്സില് ഓഫ് കള്ച്ചറല് റിലേഷന്സ് സമ്മേളനത്തിന് സമര്പ്പിച്ചു കൊണ്ടൊരു പ്രത്യേക പതിപ്പ് "ഗഗനാഞ്ചല്" പുറത്തിറക്കും.
മുന് രീതികള് അനുസരിച്ചു ഇന്ത്യയില് നിന്നും മറ്റ് രാജ്യങ്ങളില് നിന്നുമുള്ള ഹിന്ദി പണ്ഡിതരെ അവര് ഹിന്ദി മേഖലയ്ക്ക് നല്കിയ വിശിഷ്ട സേവനങ്ങള്ക്ക് ആദരിക്കപ്പെടും.
പത്താമത് ലോക ഹിന്ദി സമ്മേളനത്തിന് ചേരുന്ന ഒരു ലോഗോ

തെരഞ്ഞെടുക്കുന്നതിന് ലോഗോ രൂപകല്പ്പന മത്സരം വിദേശകാര്യമന്ത്രാലയം സംഘടിപ്പിച്ചിരുന്നു. 50,000 രൂപ ആണ് വിജയിക്ക് നല്കുന്നത്. ലോഗോ സെലക്ഷന് കമ്മിറ്റിയുടെ സഹായത്തോടെ ഒരു ലോഗോ തെരഞ്ഞെടുക്കുകയും ചെയ്തു സമ്മേളനത്തിനായി ഒരു ഔദ്യോഗിക വെബ്സൈറ്റ് ഉണ്ടാക്കിയിട്ടുണ്ട് . www.vishwahindisammelan.gov.in അതില് എല്ലാ വിവരങ്ങളും ഉള്പ്പെടുത്തിയിട്ടുണ്ട് .

ആദരണീയയായ കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ്, വിദേശകാര്യ മന്ത്രാലയത്തില് , ജവഹര്ലാല് നെഹ്രു ഭവനില് മെയ് 16, 2015 നു വെബ്സൈറ്റ് ഔദ്യോഗികമായി തുടക്കം കുറിച്ചു. ലോഗോ രൂപകല്പ്പന മത്സരത്തിലെ വിജയി ബാംഗളൂരില് നിന്നുമുള്ള മിസ് ഖ്യാതി ഗുപ്തക്കു സമ്മാനത്തുക കേന്ദ്ര വിദേശകാര്യ മന്ത്രി സമ്മാനിച്ചു.

സമ്മേളനവുമായി ബന്ധപ്പെട്ടുള്ള അന്വേഷണങ്ങള്ക്കും, പ്രധാന ഏകോപകരും നമ്പറുകളും താഴെ കൊടുക്കുന്നു :
ന്യൂഡെല്ഹി, ഇന്ത്യ

ശ്രീ മൃദുല് കുമാര് ,
ജോയിന്റ് സെക്രട്ടറി (ഗള്ഫ്, ഹിന്ദി , സംസ്കൃതം )
റൂം 80, സൌത്ത് ബ്ളോക്ക് ,
വിദേശകാര്യമന്ത്രാലയം,
ഫോണ് 011-2301 3161, Fax 011-23794138
ഇ-മെയില്: jshindi@mea.gov.in

ന്യൂഡെല്ഹിയിലെ കോണ്ഫറന്സ് സെക്രട്ടറിയേറ്റ്
റൂം നമ്പര് 3056
ജവഹര്ലാല് നെഹ്രു ഭവന് ,
(നാഷണല് മ്യൂസിയത്തിന് എതിര്വശം )
വിദേശകാര്യമന്ത്രാലയം
ന്യൂഡെല്ഹി

ഫോണ് - 011- 49015195, 49015235
ഫാക്സ് - 011- 49015205
ഇ-മെയില് : crdelhi¬-10whc@mea.gov.in

ഭോപ്പാലില്, മധ്യപ്രദേശ്, ഇന്ത്യ

ശ്രീ അജാതശത്രു ശ്രീവാസ്തവ
കമ്മീഷണര് , സാംസ്ക്കാരികം
ഫോണ് : 0755- 2770598, Fax 0755- 2770597
ഇ-മെയില് : vhs15commculturemp@gmail.com

ഭോപ്പാലിലെ കോണ്ഫറന്സ് സെക്രട്ടറിയേറ്റ്

ശ്രീ പങ്കജ് മിശ്ര ( കണ്ട്രോള് റൂം ചാര്ജ് )
ന്യൂസ് മീഡിയ സെന്റര് ഡിവിഷന്
മാഖന്ലാല് ചതുര്വേദി രാഷ്ട്രീയ പത്രകാരിത ആവം സഞ്ചാര് വിശ്വവിദ്യാലയ
ബി 38, വികാസ് ഭവന് മു പ്രശ് കോംപ്ലക്സ് ,
എം പി നഗര് , സോണ് 1 , ഭോപ്പാല്

ഫോണ് : 0755-2554910 Fax 0755-2553441
ഇ-മെയില് : crbhopal¬-10whc@mea.gov.in

ന്യൂഡെല്ഹി
മെയ് 16, 2015